**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1303** **07-10-2021 - ൽ മറുപടിയ്ക്ക്**

**സ്കൂളുകൾ തുറന്ന് പ്രവർത്തിപ്പിക്കുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. നജീബ് കാന്തപുരം,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് രോഗബാധയെത്തുടർന്ന് അടച്ചിട്ടിരുന്ന സ്കൂളുകൾ എന്നത്തേക്ക് തുറന്ന് പ്രവർത്തിപ്പിക്കാനാണ് തീരുമാനിച്ചിരിക്കുന്നത് എന്ന് അറിയിക്കുമോ; | (എ) | നവംബർ 1 മുതൽ സംസ്ഥാനത്തെ സ്കൂളുകൾ തുറക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | സ്കൂൾ കുട്ടികളുടെ ആരോഗ്യ സുരക്ഷ ഉറപ്പാക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) | സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി ആരോഗ്യ വകുപ്പുമായി ചേർന്ന് സ്കൂളിൽ ഒരുക്കേണ്ട ആരോഗ്യ സുരക്ഷ മുന്നൊരുക്കങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കിയ കരട് മാർഗ്ഗരേഖ സർക്കാർ പരിശോധിച്ചുവരുന്നു. കൂടാതെ സ്കൂൾ തുറക്കുന്നതിന് മുന്നോടിയായി സ്കൂളും പരിസരവും വൃത്തിയാക്കുന്നതിനും അണുനശീകരണം നടത്തുന്നതിനും വിവിധ വകുപ്പുകൾ പി.ടി.എ/ എസ്.എം.സി, യുവജന സംഘടനകൾ, അധ്യാപക സംഘടനകൾ തുടങ്ങിയവരുടെയെല്ലാം സഹകരണത്തോടെയുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിയിട്ടുണ്ട്. |
| (സി) | വിദ്യാർത്ഥികളുടെ യാത്രാ സൗകര്യം എപ്രകാരമാണ് ക്രമീകരിയ്ക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | വിദ്യാർത്ഥികളുടെ യാത്രാ സംബന്ധമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് മോട്ടോർ വാഹന വകുപ്പ് വിശദമായ മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ